**ആ മാവേലി തമ്പുരാൻ എത്ര നന്നായി രാജ്യം ഭരിച്ചു. പക്ഷേ, അന്നും കേരളം എന്ന പേരു പോലും ഇല്ലായിരുന്നു. സോഷ്യലിസം അതായത് മാനവരെല്ലാവരുമൊന്നുപോലെ എന്ന് കാറൽ മാർക്സിനും ക്രിസ്തുവിനും എത്രയോ മുൻപ് പ്രാവർത്തികമാക്കിയ മഹാരാജാവ്. പക്ഷേ, ആ മഹാബലിയെ നിഷ്കരുണം പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തി**

# ഇല്ലാത്ത കേരളത്തിലെ പുകിലുകൾ

വിവേകാനന്ദൻ കേരളത്തിൽ വന്നത് എന്തിനാണെങ്കിലും അദ്ദേഹം പറഞ്ഞത് എന്താണെന്ന് നാട്ടിലെല്ലാം പാട്ടാണ്. 'കേരളം ഒരു ഭ്രാന്താലയം'. പക്ഷേ, അന്ന് കേരളം രൂപംകൊണ്ടിരുന്നില്ല. അതുകൊണ്ടുതന്നെ കേരളം എന്നൊരു വാക്കുതന്നെ അദ്ദേഹം പറഞ്ഞിട്ടുണ്ടാവില്ലെന്നു വ്യക്തം. ഏതായാലും 'മദ്യ' തിരുവിതാംകൂറല്ല എന്ന് ഈ മദ്ധ്യതിരുവിതാംകൂറുകാരനൊന്നു സമാധാനിച്ചോട്ടെ. അപ്പോൾപ്പിന്നെ മലബാർ ഒരു ഭ്രാന്താലയം എന്നതാണ് ലോജിക്കലി കറക്ട്. അതിന് ഇനി മലബാറുകാർ പിണങ്ങിയിട്ട് ഒരു കാര്യവുമില്ല. ഇന്ന് ഇറാക്ക് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ നാടൻ ബോംബുണ്ടാക്കുന്നതും അത് സമയാസമയങ്ങളിൽ ഒരു മുടക്കവും വരാതെ പൊട്ടിക്കുന്നതും നമ്മുടെ മലബാറിലുള്ള കണ്ണൂരാണല്ലോ. ഇടക്കാലത്ത് കുറേ 'മദ്യ'തിരുവിതാംകൂർ ചേട്ടന്മാർ അങ്ങോട്ടു കുടിച്ചു കുടിയേറിയിട്ടുണ്ടെന്നത് ചരിത്രസത്യം. ആർക്കറിയാം ഒരുപക്ഷേ അതാകാം കുഴപ്പങ്ങളുടെ തുടക്കവും. സംഭവാമി യുഗേ യുഗേ. ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ കാക്കനാടന്റെ ഒറോത എന്ന പുസ്തകം വായിച്ചാൽ മതി. നല്ല മെയ്‌വഴക്കമുള്ള ഒറോത ആ കഥ വായിക്കുന്നവരെപ്പോലും കോരിത്തരിപ്പിക്കും. ചെമ്പേരിപുഴയുടെ തീരത്ത് ആദ്യം ചേട്ടന്മാർ കപ്പക്കൃഷി ചെയ്തു. പിന്നെ പല കൃഷികളും ചെയ്തു. എന്നാലും പൂളചേട്ടന്മാർ എന്നാണ് അന്നൊക്കെ അറിയപ്പെട്ടത്. കുടിയേറ്റക്കാർ അധികവും പാല, കോട്ടയം ഭാഗത്തുനിന്നുള്ളവരായിരുന്നു.



ഏതായാലും വിവകോനന്ദൻ അന്നു വന്നുപോയതു നന്നായി. ഇന്നായിരുന്നെങ്കിൽ ഇവിടെവച്ചുതന്നെ ആരുടെയെങ്കിലും കൊച്ചുപിച്ചാത്തിക്ക് എല്ലാം അവസാനിച്ചേനെ. എന്തിനു പറയുന്നു, വിവേകമുള്ള ആ ആനന്ദൻ വന്നു പറഞ്ഞതൊക്കെ അക്ഷരംപ്രതി ശരിയാണെന്നുള്ളത് നമ്മൾ ദിനംപ്രതി തെളിയിച്ചുകൊണ്ടിരിക്കുന്നു. കള്ളവാറ്റ് ഇപ്പോൾ സർക്കാർ നേരിട്ട് ഏറ്റെടുത്തിരിക്കുന്നതുകൊണ്ട് അതേപ്പറ്റി ആരും ഒരക്ഷരവും മിണ്ടുന്നില്ല. ബിവറേജ് കടകളുടെ മുമ്പിലെ അച്ചടക്കം കാണുമ്പോൾ മനസ്സിലാക്കാവുന്നതേയുള്ളൂ. പെൺവാണിഭം, പീഡിപ്പിക്കൽ, കൊലപാതകം, കൊള്ള ഇതൊക്കെ ഇപ്പോൾ കേരളം മുഴുവനും ചാനലുകാരും പത്രക്കാരും സിനിമാക്കാരും കൊണ്ടാടുകയല്ലേ! ഒറിജിനൽ 916 ദൈവത്തിനുപോലും നമ്മെ രക്ഷിക്കാൻ പറ്റുന്നില്ല. പിന്നെയല്ലേ കവലകൾ തോറുമുള്ള ആൾദൈവങ്ങൾക്ക്.

കേരളത്തെപ്പറ്റി പറയുമ്പോൾ നമ്മുടെ രാമനങ്കിളിനെ അങ്ങനെയങ്ങ് മറക്കാൻ പറ്റുമോ? പരശുരാമൻ മഴു എറിഞ്ഞത് എത്രയോ നൂറ്റാണ്ടുകൾക്കു മുൻപാണ്. അന്ന് കേരളം പോയിട്ട് ഇരുമ്പു പോലും കണ്ടുപിടിച്ചിട്ടില്ലല്ലോ. പിന്നെ എങ്ങനെ മഴു കൊണ്ടെറിഞ്ഞു എന്നത് ഇന്നും ഉത്തരം കിട്ടാത്ത ചോദ്യമാണ്. അഥവാ എറിഞ്ഞെങ്കിൽ തന്നെ മൂന്നു നാട്ടുരാജ്യങ്ങൾക്കായി ഏറ്റവും കുറഞ്ഞത് ഒരു മൂന്നു മഴുവെങ്കിലും വേണ്ടിവന്നിരിക്കും. മൂന്നൊന്നുമല്ല ഒരു മുന്നൂറു മഴുവെങ്കിലും ഉണ്ടായിരുന്നിരിക്കണം

എന്നും പറയുന്നവരുണ്ട്. മറ്റൊന്നുകൊണ്ടല്ല കുറേ എറിഞ്ഞുപഠിക്കാൻവേണ്ടി കടലിലേക്ക് എറിഞ്ഞുകളഞ്ഞു എന്നുമാണ് കേട്ടുകേൾവി. എന്നാലും നമ്മൾ എന്നെന്നും പാടുന്നു.

'പരശുരാമൻ മഴുവെറിഞ്ഞു നേടിയ നാട്'

പഴശ്ശിരാജയുടെ കാര്യം അതിലും കഷ്ടം. അന്നും ഇല്ലാത്ത കേരളത്തിനുവേണ്ടി യുദ്ധം ചെയ്തു എന്ന് ചരിത്രം പറയുന്നു. ബ്രിട്ടീഷുകാരുടെ ഏറ്റവും വിശ്വസ്തനും കാര്യസ്ഥനുമായ പഴശ്ശിയെ പിരിച്ചുവിട്ടപ്പോൾ കുറേ ആദിവാസികളെ സംഘടിപ്പിച്ച് അവർക്കെതിരായി ചരിത്രത്തിലെ ആദ്യത്തെ ഒളിപ്പോരു തുടങ്ങി. തമിഴ്പുലികൾ ഒളിപ്പോരു പഠിച്ചതും നമ്മുടെ പഴശ്ശിരാജയുടെ ചരിത്രത്തിൽ നിന്നാണെന്ന് കരുതുന്നവരുമുണ്ട്. ആ ഒളിപ്പോര് അന്നുവരെ രൂപംകൊള്ളാത്ത ഒരു കേരളത്തിനുവേണ്ടിയാണെന്ന് എഴുത്തുകാരും സിനിമാക്കാരും പാടിപ്പുകഴ്ത്തി. അങ്ങനെയെങ്കിലും കേരളത്തിന് ഒരു വീരപുത്രനും ആ പുത്രന്റെ പേരിൽ കുറേ സിനിമകളും പുസ്തകങ്ങളുമുണ്ടായല്ലോ എന്ന് തത്കാലം സമാധാനിക്കാം.



പഴശ്ശിരാജ



സ്വാമി വിവേകാനന്ദൻ




മാവേലി പാതാളത്തിലേക്ക്

സെന്റ് തോമസും വന്നത് ഇല്ലാത്ത കേരളത്തിലാണെന്നു പറയുന്നു. പാവം തോമാച്ചൻ കുറേ പാടുപെട്ടുകാണും വള്ളവും വഞ്ചിയും കയറി വയസ്സുകാലത്ത് ഇവിടംവരെ എത്താൻ. എന്നിട്ട് വെള്ളം മുകളിലോട്ട് ഒഴിച്ച് ആകാശത്ത് നിർത്തി നമ്പൂതിരിമാരെ അത്ഭുതപ്പെടുത്തിയത്രെ! അന്തംവിട്ട് നോക്കിനിന്ന ജനങ്ങളെല്ലാം ജ്ഞാനസ്നാനം ചെയ്തുപോലും. പിന്നെ അവർക്ക് കർത്താവിനോട് പ്രാർത്ഥിക്കാൻ പള്ളികൾ പണിതു. അന്ന് ക്രിസ്ത്യൻ മതവും പള്ളിയും ലോകത്തിൽ ഒരിടത്തും ഇല്ലായിരുന്നെന്നു മാത്രമല്ല കുരിശുപോലും സഭയുടെ സിംബൽ ആയിരുന്നില്ല. അങ്ങനെ നോക്കുമ്പോൾ ലോകത്തിലെ ആദ്യത്തെ പള്ളിയും കുരിശുമായിരിക്കുമോ കൊടുങ്ങല്ലൂരുള്ളത്. ആർക്കറിയാം? എല്ലാം മറിമായം. അന്ന് കേരളത്തിൽ കടൽത്തീരത്ത് മീൻപിടിക്കുന്നവരെയാണ് വെള്ളത്തിൽ മുക്കിയതെന്ന് കേട്ടുകേൾവി. അന്ന് മുങ്ങാത്തവർ സംഘടിച്ചാണ് പിന്നീട് നമ്പൂതിരിമാരുൾപ്പെടെ പലജാതിക്കാരായി അറിയപ്പെട്ടവരും എന്നും പറഞ്ഞുകേൾക്കുന്നു. അല്ലെങ്കിൽത്തന്നെ നമ്പൂതിരിമാർ കേരളത്തിൽ വന്നത് പതിനാലാം നൂറ്റാണ്ടിലാണെന്നു ചരിത്രം പറയുന്നു. അപ്പോൾപ്പിന്നെ മുക്കിയത് ആരെയാണെന്ന കാര്യം ഇന്നും തർക്കവിഷയമാണ്. എന്നിരുന്നാലും അന്നൊന്നും കേരളം എന്നൊരു പേരുപോലും ഇല്ലായിരുന്നു എന്നത് ചരിത്രസത്യം. ആര് എന്തൊക്കെ പറഞ്ഞാലും എഴുതിയാലും ആരൊക്കെയോ കേരളത്തിൽ വന്നിട്ടുണ്ട് . മതങ്ങൾ ഇല്ലാതിരുന്ന കേരളത്തിൽ മതങ്ങൾ ഉണ്ടാക്കി. അല്ലെങ്കിൽ മതം എങ്ങനെ ഉണ്ടാക്കണമെന്ന് മറ്റുള്ളവരെ പഠിപ്പിച്ചു. മതങ്ങൾ സംഘടനകളായി. രാഷ്ട്രീയക്കാരുടെ കൂടെക്കൂടി നാടു മുടിക്കുന്ന ഭരണകർത്താക്കളായി.

ആ മാവേലി തമ്പുരാൻ എത്ര നന്നായി രാജ്യം ഭരിച്ചു. പക്ഷേ, അന്നും കേരളം എന്ന പേരുപോലും ഇല്ലായിരുന്നു. സോഷ്യലിസം അതായത് മാനവരെല്ലാവരുമൊന്നുപോലെ എന്ന് കാറൽ മാർക്സിനും ക്രിസ്തുവിനും എത്രയോ മുൻപ് പ്രാവർത്തികമാക്കിയ മഹാരാജാവ്. പക്ഷേ, ആ മഹാബലിയെ നിഷ്കരുണം പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തി. ഇവിടെ ഒരു പുല്ലും നടക്കില്ല. ഇത് കേരളമാണ് മഹാരാജാ എന്ന് ജനം പറഞ്ഞു. പാവം മാവേലി തലകുനിച്ച് പാതാളത്തിലേക്ക് പോയി. സമത്വത്തിന്റെ ആദ്യത്തെ പരാജയം നമ്മൾ കേരളീയർ അനുഭവിച്ചറിഞ്ഞു.

അതിനുശേഷമാണ് റഷ്യയും ചൈനയുമൊക്കെ ഇതു വെറും തട്ടിപ്പാണെന്ന് അനുഭവിച്ചറിഞ്ഞത്.

ഇപ്പോൾ നമ്മൾ കേരളത്തെ സ്നേഹിക്കുന്നതെന്തിനാണ്? വെറും ദേശസ്നേഹം. അല്ലാതെന്ത്? ഇനി ദേശസ്നേഹം എന്നാലെന്താണ്? വെറും ചുമ്മാ ഒരു മാർക്കറ്റിംഗ് തന്ത്രം. ജനിച്ചു എന്ന കാരണത്താൽ സ്വന്തം നാടിനെ വെറുതെയങ്ങു സ്നേഹിക്കുക. വെറുതെയാണെന്ന് പറയാൻ പറ്റില്ല. ഒരു തരം ഗൃഹാതുരത്വം. അല്ലാതെ നമുക്കിഷ്ടപ്പെട്ട നാടായതുകൊണ്ടായിരിക്കണമെന്നില്ലല്ലോ. നമ്മൾ സ്വന്തം വീടിനെയും സ്വന്തം നാടിനെയും നാട്ടുകാരെയും നമ്മുടെ ഭാഷയെയുമൊക്കെ സ്നേഹിക്കുന്നത് അതുകൊണ്ടല്ലേ. ഈ അടുത്തകാലങ്ങളിൽ മതസംഘടനകൾ മതത്തെ സ്നേഹിക്കാനാണ് പഠിപ്പിക്കുന്നത്. അല്ലാതെ ദൈവത്തെയല്ല. എല്ലാ സംഘടനകൾക്കും വേറെ വേറെ ദൈവങ്ങളുണ്ട്. എവിടെ നോക്കിയാലും ദൈവരൂപങ്ങൾ. കാടെല്ലാം മാറുന്നു. എന്റെ കവിതയിലെ ഏതാനും ഭാഗങ്ങൾ കൂടി കുറിച്ചുകൊള്ളട്ടെ.

കാടെല്ലാം മറയുന്നു
നാടെല്ലാം മറയുന്നു
കാടായ കാടായ കാടൊക്കെ
ദൈവരൂപങ്ങൾ

മണ്ണിലും ദൈവം
വിണ്ണിലും ദൈവം
എണ്ണിയാൽ തീരാത്ത
ദൈവനാമങ്ങളിൽ

മുപ്പത്തിമുക്കോടി
രൂപങ്ങളായതും
രൂപമില്ലാത്തൊരു
ദൈവരൂപത്തിനായി